സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി ആരംഭിച്ചിട്ടുള്ള ഇൻഷ്വറൻസ് പദ്ധതിയാണ് 'ആശ കിരണം'. ഇതുപ്രകാരം ആശ പ്രവർത്തകർക്ക് 80 രൂപ വാർഷിക പ്രീമിയത്തിൽ 2 ലക്ഷം രൂപ അപകട മരണത്തിനും 2 ലക്ഷം രൂപ പൂർണ്ണ അംഗവൈകല്യത്തിനും ഭാഗീകമായ അംഗവൈകല്യത്തിന് 1 ലക്ഷം രൂപയും അപകട/അസുഖത്തിനോടനുബന്ധിച്ചുള്ള ആശുപത്രി ചെലവിന് 10,000 രൂപയും കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തിന് 2000 രൂപയും സ്വാഭാവിക മരണ സംസ്കാര കർമ്മത്തിന് 50,000 രൂപയും ലഭ്യമാണ്.

(സി) കടിശ്ശിക വിതരണത്തിന് ഫണ്ട് അനുവദിക്കുന്ന വിഷയം പരിശോധിച്ചു വരുന്നു. പാലിയേറ്റീവ് പ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്നവർക്ക് ഇൻസെന്റീവ് നൽകുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിലേയ്ക്ക് നൽകിയിട്ടുണ്ട്.

അന്യസംസ്ഥാനങ്ങളിൽനിന്നും എത്തുന്ന ഭക്ഷ്യസാധനങ്ങളുടെ ഗുണനിലവാരം

106 (3538) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാനങ്ങളിൽനിന്നും എത്തുന്ന ഭക്ഷ്യസാധനങ്ങളുടെ ഗുണനിലവാരം, വിഷവസ്തുക്കളുടെ സാന്നിദ്ധ്യം എന്നിവയുടെ പരിശോധന കർശനമാക്കാനായി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥന്മാർ അഡ്ജ്യൂഡിക്കേഷൻ ഓഫീസർ ഉൾപ്പെടെ ആരെല്ലാം ; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇവർ ഈ സർക്കാർ കാലയളവിൽ ഓരോ വർഷവും എത്ര കണ്ടെത്തലുകൾ നടത്തി ; പ്രതികൾ ആരെല്ലാം ; എത്ര കേസ്സുകൾക്ക് എത്ര ഫൈൻ ഈടാക്കി കേസ്സുകൾ തീർപ്പാക്കി ; എത്ര കേസ്സുകൾ നിലവിൽ കോടതികളിലാണ് ; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(സി) പിടിക്കപ്പെടുന്ന കേസ്സുകളിലെ തൊണ്ടിസാധനങ്ങൾ പരിശോധിക്കാൻ ഉള്ള സംവിധാനങ്ങളെന്തെന്നും എത്ര ലാബുകൾ പ്രവർത്തിക്കുന്നുവെന്നും ലാബുകളിൽ പരിശോധനയ്ക്കു നൽകിയവയിൽ യഥാസമയം റിപ്പോർട്ട് നൽകാത്ത കേസ്സുകൾ എത്രയെന്നും നൽകിയ കേസ്സുകൾ എത്ര എന്നും സർക്കാർ കാലയളവ് വർഷം തിരിച്ച് ലഭ്യമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly